**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗര ഗ്രാമാസൂത്രണ വകുപ്പ് - ശ്രീ. സുരേഷ് കെ എൻ, ചെയിൻമാൻ പുസ്തക പ്രസിദ്ധീകരണത്തിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധാ)നം.2800/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 01.11.2018**

പരാമർശം:- 1. സ.ഉ.(അച്ചടി) നം.28/2015/ഉ.ഭ.പ.വ. തിയതി.11.1.2015

2. മുഖ്യനഗരാസൂത്രകന്റെ 28.05.2018 ലെ എ 4/4459/2018 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി നഗരാസൂത്രകന്റെ കാര്യാലയത്തിൽ ചെയിൻമാനായി ജോലി ചെയ്തുവരുന്ന ശ്രീ. സുരേഷ് കെ എൻ, എഴുതിയ പത്ത് കഥകളടങ്ങുന്ന ഒരു കഥാസമാഹാരം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും യെസ് പ്രെസ്സ് ബുക്ക് പബ്ലിക്കേഷൻ പെരുമ്പാവൂർ പ്രസാധകരും ശ്രീ.സുരേഷ് കീഴില്ലം അവതാരിക എഴുതുന്നതുമായ പ്രസ്തുത പുസ്തകം സർഗാത്മക സാഹിത്യ കൃതിയെന്ന നിലയിൽ പ്രസിദ്ധീകരിക്കുവാൻ അനുവാദം നൽകുന്നതിലേയ്ക്ക് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ കല, സാഹിത്യം, ശാസ്ത്രം എന്നീ സ്വഭാവത്തിലുള്ള പ്രവർത്തനങ്ങളിൽ വല്ലപ്പോഴും ഏർപ്പെടാവുന്നതാണ്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും. പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു. കൂടാതെ സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ ചട്ടത്തിൽ വ്യവസ്ഥയില്ല.

3. മേൽ സാഹചര്യത്തിൽ ശ്രീ. സുരേഷ് കെ എൻ എഴുതിയ പത്ത് കഥകളടങ്ങുന്ന "പരാജിതന്റെ സുവിശേഷം" എന്ന കഥാസമാഹാരം പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 3(1) പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം

ശ്രീ. സുരേഷ് കെ എൻ, ചെയിൻമാൻ (മുഖ്യ നഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ